പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3940 16/05/2017 ൽ മറുപടിക്ക്

## കൃഷി അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. കൃഷ്ണൻ : | ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ അടിസ്ഥാന യോഗ്യത എന്താണ്; | (എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ അടിസ്ഥാന യോഗ്യത കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ളോമയോ, തത്തുല്യ യോഗ്യതയോ, പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്/ടി യോഗ്യതയുള്ളവരുടെ അഭാവത്തിൽ<br>1. കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ് എസ് എൽ സി/ തത്തുല്യമായ യോഗ്യത അല്ലെങ്കിൽ<br>2. എസ് എസ് എൽ സിയോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ<br>3. കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തി കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ്<br>നല്ല കായികശേഷി |
| ബി) 1988-89 കാലഘട്ടത്തിൽ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് നിർത്തലാക്കുകയും 1982-83 കാലഘട്ടത്തിൽ പി.എസ്.സി അംഗീകാരമുള്ള വി.എച്ച്.സി. അഗ്രികൾച്ചർ കോഴ്സ് തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത കൃഷി ഡിപ്ലോമ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ.അഗ്രികൾച്ചർ എന്ന് മാറ്റി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) നിലവിൽ കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. സബോർഡിനേറ്റ് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | വി.എച്ച്.എസ്.ഇ.അഗ്രികൾച്ചർ അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്ന ഏതെല്ലാം തസ്തികകളാണ് കൃഷി വകുപ്പിൽ നിലവിൽ ഉള്ളത് ? | (സി) | കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ളോമയോ, തത്തുല്യ യോഗ്യതയോ ഉള്ളവരുടെ അഭാവത്തിൽ കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ് യോഗ്യതയുള്ളവരെ പരിഗണിക്കുന്നു. |

സെക്ഷൻ ഓഫീസർ